# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017-18

## മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം :1½ മണിക്കൂർ

സ്കോർ : 40

---

പൊതുനിർദേശങ്ങൾ

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**(1 മുതൽ 3 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം)**

1. ആകാരമാ ഹ്രസ്വ എന്നതുകൊണ്ട് ഉദ്ദണ്ഡശാസ്ത്രികൾ ഉദ്ദേശിച്ചത് എന്താണ്?

   - 'ആ' കാരം ഹ്രസ്വമാണ്.
   - 'അ' കാരം ദീർഘമാണ്.
   - രൂപം ചെറുതാണ്.
   - രൂപം വലുതാണ്.

2. മാതൃകപോലെ മാറ്റിയെഴുതുക.

   വിറകില്ലാഞ്ഞിട്ട് - വിറക് + ഇല്ലാഞ്ഞിട്ട്

   ചായക്കട - ..............................

3. താഴെ കൊടുത്ത വാക്കിന് സമാനമായ അർഥം വരുന്ന പദം ബ്രാക്കറ്റിൽ നിന്ന് കണ്ടെത്തിയെഴുതുക.

   ഇനൻ

   (സൂര്യൻ, ചന്ദ്രൻ, നക്ഷത്രം, ആകാശം ) (2x1=2)

**( 4 മുതൽ 7 വരെ ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം)**

4. " ലോകമേ തറവാട് തനിക്കീ ചെടികളും
   പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ "

   വരികളിൽ തെളിയുന്ന ഗാന്ധിജിയുടെ വ്യക്തിത്വത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

5. **അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.**

   **ദ്വേഷവും അസൂയയും ഒഴിഞ്ഞ ദേവമഹാവ്രതനാണു നീ.**

   **ധർമ്മതത്ത്വങ്ങളെല്ലാം അറിയുന്ന മഹാപ്രാജ്ഞനാണു നീ.**

6. " പാതിവരച്ചിട്ട വർണഭംഗിയാർന്ന ചിത്രം പോലെ അച്ഛന്റെ ജീവിതം. "

(ഭൂമിയുടെ സ്വപ്നം)

ഈ വാക്യത്തിൽനിന്ന് ലഭിക്കുന്ന രണ്ട് അർഥസൂചനകൾ എഴുതുക.

7. "പത്തായം കാലിയായി. പേടിസ്വപ്നം പോലെ തൂങ്ങിനിൽക്കുന്ന കാലവർഷവും".

വരികളുടെ ഔചിത്യം വ്യക്തമാക്കുക.

(3x2=6)

**( 8 മുതൽ 13 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം)**

8. "ഹാ! തത്ര ഭവൽപ്പാദമൊന്നിക്കൽദ്ദർശിച്ചെന്നാൽ
കാതരനതിധീരൻ; കർക്കശൻ കൃപാവശൻ!
പിശുക്കൻ പ്രദാനോൽക്കൻ; പിശുനൻ സുവചന-
ശുദ്ധൻ പരിശുദ്ധ; നലസൻ സദായാസൻ!"

മഹാന്മാരുടെ സാമീപ്യം ആളുകളുടെ ജീവിതത്തെതന്നെ മാറ്റിത്തീർക്കും. മുകളിൽ കൊടുത്ത വരികൾ ആസ്പദമാക്കി വിശദമാക്കുക.

9. "അന്തമാർ,തള്ളമാർ കുട്ടികളന്യോന്യം.
തള്ളിമാറ്റുന്നു, കലമ്പിടുന്നു
ഒട്ടു ചിലർ കഞ്ഞിമോന്തിപ്പിരിയുന്നു
മറ്റും പലർ വന്നുചേർന്നിടുന്നു"

- ' വിശന്നാൽ കണ്ണുകാണില്ല' എന്ന ചൊല്ലിന്റെ ആശയവുമായി ബന്ധപ്പെടുത്തി മുകളിൽ നൽകിയ കവിതാഭാഗം വ്യാഖ്യാനിക്കുക.

10. 
- "മകന്റെ നടപ്പാതകൾ അമ്മ അറിയുന്നു. അമ്മയുടെ വാത്സല്യമാണ് അവന്റെ ചുവടുകൾക്കു പ്രകാശമാകുന്നത്. "
- "ധനസമ്പാദനമോ സ്വകാര്യമായ ഉയർച്ചയോ അല്ല, രാഷ്ട്രത്തിനു വേണ്ടി എന്തു നൽകാനാകുമെന്ന ചിന്ത മാത്രമേ ഉണ്ണിയിൽ ഉണ്ടാകാവൂ".

നല്ല സമൂഹത്തെ സൃഷ്ടിക്കുന്നതിൽ അമ്മമാരുടെ മനോഭാവം പ്രധാനപ്പെട്ടതാണ്. മുകളിൽ കൊടുത്ത സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. ഇത് യാത്രകളുടെ കാലം കൂടിയാണ്. ജോലിക്കും വിനോദത്തിനുമൊക്കെയായി നാം ധാരാളമായി യാത്രചെയ്യുന്നുണ്ട്. ഇത്തരം യാത്രകളിൽനിന്ന് നമുക്കു ലഭിക്കുന്ന ഗുണങ്ങളെന്തൊക്കെ? ' വഴിയാത്ര' എന്ന പാഠഭാഗത്തെ ആശയംകൂടി പ്രയോജനപ്പെടുത്തി കുറിപ്പ് തയാറാക്കുക.

12. " സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക. ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക."

എ.പി.ജെ. അബ്ദുൽകലാം

എ.പി.ജെ.അബ്ദുൽകലാമിന്റെ വാക്കുകൾ ഹർഷവർധനന്റെ ജീവിതവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. •" എത്ര സുന്ദരമെത്ര സുന്ദരമെന്റെ മലയാളം
മുത്തുപവിഴങ്ങൾ കൊരുത്തൊരു
പൊന്നുനൂൽ പോലെ

മണ്ണിൽ വീണു കുരുത്ത നെന്മണി
വിത്തുമുളപൊട്ടി
മിന്നുമീരില വീശിടും പോ-
ലെത്രയീരടികൾ
മണ്ണിൽ വേർപ്പു വിതച്ചവർ
തന്നീണമായ് വന്നു
അന്നുപാടിയ പാട്ടിലുണ്ടതാലാടി
മലയാളം."

ഒ.എൻ.വി.

•"കാണുന്നു കല്യാണ നിക്ഷേപമെന്നപോൽ
കാമസുരഭിപോൽ നിന്നെ ഞങ്ങൾ "

-വെണ്ണിക്കുളം.

കാവ്യഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

(5x4=20)

**(14 മുതൽ 16 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 8 സ്കോർ വീതം)**

14. •"മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണവളർച്ച നേടൂ"

-വള്ളത്തോൾ

(ദുഗ്ധം = പാൽ)

•"നിൻമുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തര പുണ്യമല്ലേ".

- വെണ്ണിക്കുളം

മുകളിൽ കൊടുത്ത വരികളുടെ ആശയങ്ങൾകൂടി പ്രയോജനപ്പെടുത്തി 'അമ്മമലയാളം ' എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുള്ള പ്രസംഗം തയാറാക്കുക.

15. •"അല്ലയോ വസുദേവാ, ഞാൻ അർഥത്തെ വിലവയ്ക്കുന്നവനല്ല. അർഥത്താൽ വിലയ്ക്കു വാങ്ങാവുന്നവനുമല്ല സൂതപുത്രനായ ഈ കർണൻ. "

•"ഈ ഭൂമി മുഴുവൻ കിട്ടിയാലും ഇപ്പോൾ സുയോധനനെ കർണൻ കൈവെടിയുകയില്ല. "

•"കണ്ണുകളിൽനിന്ന് ഒഴുകിയ നീർത്തുള്ളികൾ തുടച്ചുകളയാൻ പോലും കൈകൾ ചലിപ്പിക്കാതെ ദയനീയനായിരിക്കുന്ന കർണൻ ."

– മുകളിൽ കൊടുത്ത സന്ദർഭങ്ങൾ അടിസ്ഥാനമാക്കി കർണൻ എന്ന കഥാപാത്രത്തിന്റെ മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

16. 'വേദം' എന്ന കവിതയിലെ പട്ടിണിക്കാരനിൽ ദൈവത്തെ കണ്ട ഉമ്മയുടെയും ഭൂമിയുടെ സ്വപ്നം എന്ന നോവൽ ഭാഗത്തിലെ രാജ്യസേവനത്തിനായി സ്വയം സമർപ്പിച്ച ഹർഷവർധനന്റെയും ജീവിതാനുഭവങ്ങൾ മുൻനിർത്തി 'നാം ഉയർത്തിപ്പിടിക്കേണ്ട നന്മകൾ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. (2x6=12)